പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3814

15.05.2017-ൽ
മറുപടിക്ക്

റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികൾ

ചോദ്യം

ഉത്തരം

ശ്രീ.പി.ഉബൈദുള്ള

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും തുകയും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എറണാകുളം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും തുകയും ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഭരണാനുമതി നൽകിയ തുക |
|---|---|
| നിമജ്ഞനം കടവ് നവീകരണം | 63, 00,000/- |
| മലയാറ്റൂർ നീലേശ്വരം പഞ്ചായത്തിലെ കോമേന്ത പള്ളിക്ക് സമീപമുള്ള കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസിംഗ് താഴെ പെരിയാറിനു കുറുകെയുള്ള താൽ ക്കാലിക ചെക്ക് ഡാമിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ. | 15, 00,000/- |
| മലയാറ്റൂർ നീലേശ്വരം പഞ്ചായത്തിലെ മലയാറ്റൂർ പാലത്തിനു താഴെ പള്ളി കടവിന് സമീപം പെരിയാറിനു കുറുകെയുള്ള താൽക്കാലിക ചെക്ക് ഡാമിന്റെ അടിയന്തിര അറ്റകുറ്റപ്പണികൾ. | 15, 00,000/- |
| കൂവപ്പടി പഞ്ചായത്തിലെ കപ്രിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് താഴെ പെരിയാറിനു കുറുകെയുള്ള താൽക്കാലിക ചെക്ക് ഡാമിന്റെ നിർമ്മാണം . | 20, 00,000/- |
| വേങ്ങൂർ പഞ്ചായത്തിലെ പാണംകുഴി കടവിന് സമീപം | 20, 00,000/- |

| | |
|---|---|
| പെരിയാറിനു കുറുകെയുള്ള താൽക്കാലിക ചെക്ക് ഡാമിന്റെ നിർമ്മാണം | |
| മാഞ്ഞാലി തേലത്തുരുത്ത് കടവിന് സമീപം ചെറിയ തേക്കാനത്തിന് താഴെ മാഞ്ഞാലി തോടിനു കുറുകെയുള്ള താൽക്കാലിക ബണ്ട് നിർമ്മാണം | 8,81,500/- |

കണ്ണൂർ ജില്ലയിൽ രാമന്തളി ഗ്രാമ പഞ്ചായത്തിൽ പാലക്കോട് ആഴിമുഖത്തെ ചെളി നീക്കം ചെയ്യൽ പ്രവൃത്തിയ്ക്കായി 33.10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

മറ്റ് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) മലപ്പുറം ജില്ലയിൽ ഈ കാലയളവിൽ അനുമതി നൽകിയതും നടപ്പിലാക്കിയതുമായ പദ്ധതികൾ മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയും ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) മലപ്പുറം ജില്ലയിൽ ഈ കാലയളവിൽ ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

(സി) മലപ്പുറം മണ്ഡലത്തിൽ കഴിഞ്ഞ 2 വർഷം (2015-16, 2016-17) നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) കഴിഞ്ഞ 2 വർഷത്തിനുള്ളിൽ മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | മലപ്പുറം മുനിസിപ്പാലിറ്റിയിൽ കൂട്ടിലങ്ങാടി പാലത്തിനു സമീപം കടലുണ്ടിപ്പുഴയിൽ കട്ടമണ്ണ കടവിൽ വാഹനങ്ങൾ പുഴയിലേക്കിറങ്ങുന്നതു തടയുന്നതിന് സ്ഥിരം ബ്ലോക്കേഡ് നിർമ്മാണം |
| 2 | ആനക്കയം ഗ്രാമ പഞ്ചായത്തിൽ കടലുണ്ടി പ്പുഴയിൽ ചെക്ക് പോസ്റ്റ് കടവിൽ വാഹനങ്ങൾ പുഴയിലേക്കിറങ്ങുന്നതു തടയുന്നതിന് സ്ഥിരം ബ്ലോക്കേഡ് നിർമ്മാണം. |
| 3 | മലപ്പുറം മുനിസിപ്പാലിറ്റിയിൽ കടലുണ്ടി പ്പുഴയിൽ നമ്പ്രാണി ചെക്ഡാമിന്റെ ഇടതുകര സംരക്ഷണ പ്രവൃത്തി. |
| 4 | മലപ്പുറം മുനിസിപ്പാലിറ്റിയിൽ കടലുണ്ടി പ്പുഴയിൽ നൂറാടി പാലത്തിനു മുകൾ ഭാഗം വലതുകര സംരക്ഷണ പ്രവൃത്തി. |

| | |
|---|---|
| (ഡി) റിവർ മാനേജ്മെന്റ് ഫണ്ടു പയോഗിച്ച് ഏറ്റെടുക്കാവുന്ന പദ്ധതികൾക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ? | (ഡി) 2002-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 22 (3) അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള പ്രവൃത്തികളാണ് റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**